അങ്കമാലി അഗ്നിരക്ഷാ നിലയത്തിന്റെ ശോചനീയാവസ്ഥ

263 (2092) ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലിയിലെ അഗ്നിരക്ഷാ നിലയത്തിലെ പോരായ്മകളും ശോചനീയാവസ്ഥയും ശ്രദ്ധയിൽപ്പെടുത്തിയിട്ടും അത് പരിഹരിക്കാൻ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(ബി) അങ്കമാലി അഗ്നിരക്ഷാ നിലയത്തിലെ പോരായ്മകൾ എന്നത്തേക്ക് പരിഹരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) അങ്കമാലി അഗ്നിരക്ഷാ നിലയത്തിന്റെ പോരായ്മകളും ശോചനീയാവസ്ഥയും ഭൂരിഭാഗവും പരിഹരിക്കപ്പെട്ടിട്ടുണ്ട്. പോരായ്മകൾ റിപ്പോർട്ട് ചെയ്യുന്ന മുറയ്ക്ക് അതിനുള്ള നടപടികൾ സ്വീകരിച്ച് പരിഹരിക്കുന്നതാണ്.

അഗ്നിശമന രക്ഷാപ്രവർത്തനങ്ങൾക്കുള്ള ഉപകരണങ്ങളുടെ പോരായ്മകൾ

264 (2093) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്നിശമന രക്ഷാപ്രവർത്തനങ്ങൾക്കായുള്ള ഉപകരണങ്ങളുടെ പോരായ്മകൾ പരിഹരിക്കണമെന്നും കൂടുതൽ മെച്ചപ്പെട്ട ഉപകരണങ്ങളും അവ വിനിയോഗിക്കുന്നതിനുള്ള പരിശീലനവും ജീവനക്കാർക്ക് നൽകണമെന്നും ആവശ്യപ്പെട്ട് ഔദ്യോഗിക തലത്തിൽ എത്ര പരാതികൾ ലഭിച്ചു ; ഇവ പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ;

(ബി) ചേർത്തല ഫയർ സ്റ്റേഷനിലെ ഉപകരണങ്ങളുടെ പോരായ്മയും വാഹനങ്ങളുടെ ഇല്ലായ്മയും പരിഹരിക്കണമെന്നാവശ്യപ്പെട്ട് നൽകിയ പരാതി പരിഹരിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? എങ്കിൽ എന്തുകൊണ്ടാണെന്ന് പറയാമോ, ഇവിടുത്തെ പോരായ്മകൾ അടിയന്തരമായി പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അഗ്നിശമനരക്ഷാ പ്രവർത്തനങ്ങൾക്കായുള്ള ഉപകരണങ്ങളുടെ പോരായ്മ പരിഹരിക്കുന്നതിനും മെച്ചപ്പെട്ട ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനും വേണ്ടി വിവിധ പ്രദേശങ്ങളിലെ നിയമസഭാ സാമാജികർ, ജനപ്രതിനിധികൾ,

LIBRARY ARCHIVES Kerala Legislative Assembly